# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 25.10.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1. ഹരിത ഹൈഡ്രജൻ, സാങ്കേതികവിദ്യ, വ്യാപാരം തുടങ്ങിയ മേഖലകളിൽ ഇന്ത്യയും ജർമ്മനിയും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.

   **India-Germany sign multiple MoUs on Green Hydrogen, Technology & Trade.**

2. പശ്ചിമേഷ്യൻ സംഘർഷങ്ങൾ ആശങ്കയുളവാക്കുന്നതായും യുദ്ധത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാനാകില്ലെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said conflicts in Ukraine and West Asia are matters of concern for India and Germany and India's view has always been that problems cannot be solved through war.**

3. കേരളത്തിൽ ഉപതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പണം അവസാനിച്ചു. സൂക്ഷ്മ പരിശോധന തിങ്കാളാഴ്ച.

   **In Kerala: Nomination papers for bye election completed today. The scrutiny will take place on Monday.**

4. രാജ്യത്തെ അന്തരീക്ഷ മലിനീകരണം നേരീടുന്നതിന് നടപടികൾ ശക്തമാക്കാൻ സംസ്ഥാനങ്ങൾക്ക് കേന്ദ്ര നിർദേശം.

   **The Centre has asked state governments to enhance their preparedness in view of air pollution.**

5. ദാന ചുഴലിക്കാറ്റ് ശക്തി കുറഞ്ഞ് തീവ്ര ന്യൂനമർദമായി മാറുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

**'Dana' cyclonic storm is expected to further weaken into a deep depression. In Kerala, the Met Department has issued Orange alert in eight districts of the state.**

**************************************************

**HEADLINE - 1**

## INDIA-GERMANY BILATERALS

ഹരിത ഹൈഡ്രജൻ, സാങ്കേതികവിദ്യ, വ്യാപാരം തുടങ്ങിയ മേഖലകളിൽ ഇന്ത്യയും ജർമ്മനിയും ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. ന്യൂഡൽഹിയിൽ നടന്ന പ്രതിനിധി തല ചർച്ചകൾക്ക് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ജർമൻ ചാൻസലർ ഒലാഫ് ഷോൾസിന്റെയും സാന്നിധ്യത്തിലാണ് ധാരണാപത്രങ്ങൾ കൈമാറിയത്. തൊഴിൽ, നൂതന സാമഗ്രികളുടെ ഗവേഷണം, വികസനം, ഹരിത നഗര ഗതാഗത പദ്ധതികളിലെ പങ്കാളിത്തം എന്നീ മേഖലകളിലെ മൂന്ന് സംയുക്ത പ്രഖ്യാപനങ്ങളും ഇരു രാജ്യങ്ങളും കൈമാറി.

**********************************

**HEADLINE - 2**

## PM JOINT STATEMENT (INTRO)

നൂതന സാങ്കേതിക വിദ്യയിലൂന്നിയ നൈപുണ്യ വികസനം, നിർമ്മിത ബുദ്ധി, എന്നീ മേഖലകളിലെ ഇന്ത്യ- ജർമ്മനി സഹകരണം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജർമൻ ചാൻസിലർ ഒലാഫ് ഷോൽസുമായി ന്യൂഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചക്ക് ശേഷം സംയുക്ത

വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ സമിതി ഉൾപ്പെടെയുള്ള ബഹുമുഖ സ്ഥാപനങ്ങളിൽ പരിഷ്കാരങ്ങൾ ആവശ്യമാണെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. യുക്രെയ്നിലും പശ്ചിമേഷ്യയിലും നിലനിൽക്കുന്ന സംഘർഷങ്ങൾ ഇന്ത്യയ്ക്കും ജർമ്മനിക്കും ആശങ്കയുളവാക്കുന്ന വിഷയങ്ങളാണെന്നും യുദ്ധത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാനാകില്ല എന്നതാണ് ഇന്ത്യയുടെ കാഴ്ചപ്പാടെന്നും ശ്രീ. നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

യൂറോപ്യൻ യൂണിയനിൽ ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട വ്യാപാര പങ്കാളിയായി ജർമ്മനി മാറിയെന്നും സാമ്പത്തിക സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ പ്രതിജ്ഞാബദ്ധമാണെന്നും ജർമ്മൻ ചാൻസലർ ഒലാഫ് ഷോൾസ് പറഞ്ഞു.

**********************************

## 18TH ASIA-PACIFIC CONFERENCE - PM

വൈദഗ്ധ്യമുള്ള ഇന്ത്യൻ പ്രൊഫഷണലുകൾക്ക് പ്രതിവർഷ വീസ ക്വാട്ട 20,000 ത്തിൽ നിന്ന് 90,000 മായി വർദ്ധിപ്പിക്കാൻ ജർമ്മനി തീരുമാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. 18-ാമത് ഏഷ്യാ പെസഫിക് ജർമൻ ബിസിനസ് സമ്മേളനത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നൂതനാശയങ്ങൾക്ക് മികച്ച അടിസ്ഥാനസൗകര്യം ഒരുക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും, സ്റ്റാർട്ടു അപ്പുകൾക്കായി വലിയ സാധ്യതയാണ് രാജ്യത്ത് ഒരുക്കിയിരിക്കുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

**********************************

## PRESIDENT CHHATTISGARH

രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ ഛത്തീസ്ഗഡ് സന്ദർശനം തുടരുന്നു. റായ്പൂർ എയിംസിലെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുത്തു. പിന്നാക്ക വിഭാഗത്തെ സേവിക്കുന്നതിന് മുൻഗണന നൽകണമെന്ന് ശ്രീമതി മുർമു വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു. ഗവർണർ രമൺ ദേക, മുഖ്യമന്ത്രി വിഷ്ണു ദേവ് സായ് എന്നിവരും സന്നിഹിതരായിരുന്നു എൻഐടി റായ്പൂരിലെ 14-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി പങ്കെടുത്തു.

*********************************

## JHARKHAND

ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പ് ഒന്നാം ഘട്ടത്തിന്റെ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചു. തിങ്കളാഴ്ചയാണ് സൂക്ഷ്മ പരിശോധന. പത്രിക പിൻവലിക്കാനുള്ള സമയപരിധി ഈ മാസം 30 വരെയാണ്. 43 മണ്ഡലങ്ങളിൽ നവംബർ 13 നാണ് വോട്ടെടുപ്പ്.

*********************************

**<u>HEADLINE – 3</u>**

## BY-ELECTION KERALA

കേരളത്തിലെ മൂന്ന് മണ്ഡലങ്ങളിൽ നടക്കുന്ന ഉപതിരഞ്ഞെടുപ്പിലേക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. വയനാട് ലോക്സഭാ മണ്ഡലത്തിലും, ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും മുന്നണികൾ പ്രചാരണം ഊർജ്ജിതമാക്കി. നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന തിങ്കളാഴ്ച നടക്കും. ഈ മാസം 30 നാണ് പത്രിക പിൻവലിക്കാനുള്ള

അവസാന തീയതി. നവംബർ 13-ന് വോട്ടെടുപ്പും 23-ന് വോട്ടെണ്ണലും നടക്കും.

*********************************

**HEADLINE - 4**

## CENTRE - AIR POLLUTION

രാജ്യത്തെ അന്തരീക്ഷ മലിനീകരണം കണക്കിലെടുത്ത് നടപടികൾ ശക്തമാക്കാൻ സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്ര നിർദേശം. ഇത് സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് ഹെൽത്ത് സർവീസസ് ഡോ. അതുൽ ഗോയൽ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും കത്തയച്ചു. കുട്ടികൾ, ഗർഭിണികൾ, പ്രായമായവർ തുടങ്ങിയ ദുർബല വിഭാഗങ്ങളെ വായു മലിനീകരണം രൂക്ഷമായി ബാധിക്കുമെന്ന് കത്തിൽ പറയുന്നു. വായു മലിനീകരണവുമായി ബന്ധപ്പെട്ട രോഗങ്ങൾക്കുള്ള സെന്റിനൽ നിരീക്ഷണ സംവിധാനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കാനും നിർദേശം നൽകിയിട്ടുണ്ട്.

*********************************

**HEADLINE – 5A**

## DAY-CYCLONE DANA

ദാന ചുഴലിക്കാറ്റ് ദുർബലമായി അടുത്ത ഏതാനും മണിക്കൂറുകൾക്കുള്ളിൽ തീവ്ര ന്യൂനമർദമായി മാറുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒഡീഷയിലും പശ്ചിമ ബംഗാളിലും കനത്ത മഴ തുടരുകയാണ്. ഒഡീഷ, പശ്ചിമ ബംഗാൾ മുഖ്യമന്ത്രിമാർ സ്ഥിതിഗതികൾ വിലയിരുത്തി. അതെസമയം, കെടുതികൾ നേരിടാൻ എല്ലാ പിന്തുണയുമുണ്ടാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉറപ്പുനൽകി.

*********************************

HEADLINE – 5B

## RAIN-KERALA

കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*********************************

## MALAMPUZHA -LANDSLIDE

മലമ്പുഴ ആനക്കൽ വനമേഖലയിൽ ഉരുൾപൊട്ടിയതായി സംശയം. സമീപത്തെ കല്ലമ്പുഴയിൽ ജലനിരപ്പ് ക്രമാതീതമായി ഉയർന്നു. കഴിഞ്ഞ ഏതാനും മണിക്കൂറുകളായി വന പ്രദേശത്ത് കനത്ത മഴ തുടരുകയാണ്.

*********************************

## ISRO - SOMNATH (INTRO)

ബഹിരാകാശത്തെ മനുഷ്യനിർമിത വസ്തുക്കളുടെ നിരീക്ഷണം വെല്ലുവിളി നിറഞ്ഞതാണെന്ന് ISRO ചെയർമാൻ ഡോ.എസ്.സോമനാഥ്. ചാണക്യ ഡിഫൻസ് ഡയലോഗ് 2024 നെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ബഹിരാകാശം, അടിസ്ഥാന സൗകര്യം എന്നീ മേഖലകളിൽ വികസിക്കുന്ന സാങ്കേതികവിദ്യകൾ ആശയവിനിമയ രംഗത്ത് വളരെയേറെ മാറ്റങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇന്ത്യയുടെ റോക്കറ്റുകളുടെ 95 ശതമാനം ഭാഗങ്ങളും തദ്ദേശീയമായാണ് നിർമ്മിക്കുന്നതെന്ന് പറഞ്ഞ

അദ്ദേഹം, 100 ശതമാനവും ഇന്ത്യയിൽ തന്നെ നിർമ്മിക്കാനാകുമെന്നും വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

*********************************

## PRAVASI PARICHAY-2024

റിയാദിലെ ഇന്ത്യൻ എംബസിയിൽ ആരംഭിച്ച പ്രവാസി പരിചയ് 2024 ചിത്ര പ്രദർശനം ശ്രദ്ധേയമാകുന്നു. പതിമൂന്ന് ഇന്ത്യൻ കലാകാരികളുടെ ചിത്രപ്രദർശനം ഇന്ത്യയുടെ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുന്നതാണ്. സൗദി അറേബ്യയിലെ ഇന്ത്യൻ അംബാസഡർ ഡോ. സുഹെൽ അജാസ് ഖാൻ പ്രദർശനം ഉദ്ഘാടനം ചെയ്തു. പ്രദർശനം ഒരാഴ്ച നീണ്ടുനിൽക്കും.

*********************************

## CRICKET - IND NZ

പൂനെ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ന്യൂസിലാൻറിന് 301 റൺസിന്റെ ലീഡ്. രണ്ടാം ടെസ്റ്റിന്റെ രണ്ടാം ദിനം കളി നിർത്തുമ്പോൾ ന്യൂസിലൻഡ് തങ്ങളുടെ രണ്ടാം ഇന്നിംഗ്സിൽ 5 വിക്കറ്റ് നഷ്ടത്തിൽ 198 റൺസ് നേടിയിട്ടുണ്ട്. ഇന്ത്യ തങ്ങളുടെ ആദ്യ ഇന്നിംഗ്സിൽ 156 റൺസിന് ഓൾഔട്ടായി. ബംഗളൂരുവിൽ നടന്ന ആദ്യ ടെസ്റ്റിൽ 8 വിക്കറ്റിന് ജയിച്ച ന്യൂസിലൻഡ് മൂന്ന് കളികളുള്ള പരമ്പരയിൽ മുന്നിട്ട് നിൽക്കുകയാണ്.

*********************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് മറ്റെന്നാൾ. പരിപാടിയുടെ 115-ാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റേയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും പരിപാടി പ്രക്ഷേപണം ചെയ്യും. AIR News വെബ്സൈറ്റ്, newsonair മൊബൈൽ ആപ്പ് എന്നിവയിലൂടെയും കേൾക്കാവുന്നതാണ്.

*********************************

## SENSEX+GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 663 പോയിന്റ് താഴ്ന്ന് 79,402 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 219 പോയിന്റ് നഷ്ടത്തിൽ 24,181 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില ഉയർന്നു. പവന് 80 രൂപ വർദ്ധിച്ച് 58,360 രൂപയും ഗ്രാമിന് 7,295 രൂപയുമാണ് ഇന്നത്തെ വില.

*********************************

## RANJAN-ANIMAL CENSUS

മൃഗങ്ങളിലൂടെയുള്ള പകർച്ചവ്യാധികൾ തടയുന്നതിനായി PANDEMIC FUND PROJECT-ന് കേന്ദ്ര സർക്കാർ തുടക്കമിട്ടു. 21-ാമത് കന്നുകാലി സെൻസെസിന്റെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നത്. 2030-ഓടെ കുളമ്പുരോഗം, ബ്രൂസെലോസിസ് തുടങ്ങിയ രോഗങ്ങൾ നിർമാർജ്ജനം ചെയ്യുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. ജി-20 PANDEMIC FUND PROJECT-ലൂടെ ലഭിച്ച

ധനസഹായം രാജ്യത്തെ മൃഗാശുപത്രികളുടെ വികസനത്തിന് പ്രയോജനപ്പെടമെന്നും അദ്ദേഹം വ്യക്തമാക്കി.

*

****************

**********************************************